DESPATCHED
On.13/2./23..


# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**

**E-mail: sic.ker@nic.in**


ഹർജി നമ്പർ **CP No. 58(2)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**(ഫയൽ നമ്പർ: 4175/SIC-G6/2022)**

**സന്നിഹിതൻ**

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. നൗഫൽ കല്ലായി,
കല്ലായി ഹൗസ്,
സ്കൂൾ റോഡ്, പുല്ലൂർ,
കരുവമ്പ്രം (പി.ഒ), മലപ്പുറം.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പ്രിൻസിപ്പൽ,
ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി
സ്കൂൾ, അച്ചൻകോയിൽ (പി.ഒ),
കൊല്ലം – 689 696.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 31/01/2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 16/02/2022 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 04/03/2022 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 08/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 16/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 25/03/2022 |
| കമ്മീഷൻ ഹിയറിംഗ് നടത്തിയ തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗ് സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. നൗഫൽ കല്ലായി, 04/03/2022 തീയതി സമർപ്പിച്ച പരാതി ഹർജി 08/03/2022 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No. 58(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കു എസ്.പി.ഐ.ഒ മറുപടി ലഭ്യമാക്കിയില്ല എന്ന ആക്ഷേപമാണ്.

3. പരാതി ഹർജിക്കാരൻ 31/01/2022 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

1. അച്ചൻകോവിൽ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നിലവിൽ അധ്യാപകരുടെയും, ഇൻസ്ട്രക്ടർമാരുടെയും എത്ര ഒഴിവുകൾ ഉണ്ടെന്നും
2. ഇവയിൽ എത്ര ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും
3. പി.എസ്.സി-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണവും
4. ടി ഒഴിവുകളിൽ താൽക്കാലികമായി അധ്യാപകരെയും ഇൻസ്ട്രക്ടർമാരെയും നിയമിച്ചിട്ടുണ്ടോ എന്നും
5. വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ നിലവിൽ എത്ര സ്ഥിരം താൽക്കാലിക ജീവനക്കാരുണ്ടെന്നും
6. ഇവരിൽ ഗസറ്റഡ് എത്രയെന്നും നോൺ ഗസറ്റഡ് എത്രയെന്നു
7. ടി ജീവനക്കാരുടെ പേരു വിവരങ്ങളടങ്ങിയ 2022 ജനുവരി മാസത്തെ (1 മുതൽ 31 വരെ) Attendance Register-ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കണെമെന്നാണ്.

മേൽ പറഞ്ഞ അപേക്ഷയ്ക്ക് 16/02/2022-ന് മറുപടിയും നൽകിയിട്ടുണ്ട്.

4. എതിർകക്ഷി 25/03/2022-ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ ടി ഓഫീസിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിലുള്ള 7 ചോദ്യങ്ങൾക്കുള്ള വിശദാംശങ്ങൾ 16/02/2022 തീയതി കത്ത് നമ്പർ ഇ13/2022 പ്രകാരം നൗഫൽ കല്ലായി, കല്ലായി ഹൗസ്, സ്കൂൾ റോഡ്, പുല്ലൂർ കരുവാമ്പ്രം(പി.ഒ), മലപ്പുറം വിലാസത്തിൽ മറുപടി തപാൽ വകുപ്പിലൂടെ അയച്ചിരുന്നുവെന്നും, എന്നാൽ വിവരാവകാശ മറുപടി അയച്ച കത്ത് "sender not found" എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പ് 24/02/2022-ന് ടി ആഫീസിൽ തിരിച്ച് ഏൽപ്പിച്ചിരിക്കുന്നുവെന്നും, ബന്ധപ്പെട്ട വിവരാവകാശ മറുപടി കത്തിന്റെ ഓഫീസ് പകർപ്പ് തിരിച്ചുവന്ന തപാൽ വകുപ്പിന്റെ സീലുകൾ പതിച്ച് "sender not found" രേഖപ്പെടുത്തിയ കവറിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് നൽകിയ മറുപടി ടിയാൻ കൈപ്പറ്റാതെ തിരികെ വന്നതായി എതിർകക്ഷി കമ്മീഷനെ ബോധിപ്പിച്ചു. ആയതിനാൽ ടി ഹർജിയിന്മേൽ തുടർനടപടികൾ ആവശ്യമില്ലെന്ന് ഉത്തരവാകുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

AV